# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

18/02/2024 | STD - IX | മാർക്ക് - 50

10.30 A.M. - 12.30 P.M. | സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

* ദൈവാരാധന
* പൈന
* വിഭജനശുശ്രൂഷ
* മദ്ബഹാ
* അനുരഞ്ജന ശുശ്രൂഷ
* സ്വാഭാവികം
* അരക്കെട്ട്
* അപ്പം മുറിക്കൽ
* മനുഷ്യജീവിതം
* റോമാ 13:12-14
* റാസ ക്രമം
* റോമാ 14:12-13
* അനാഫൊറ
* കൗദാശിക
* കെസ്ത്രോമ

1. ദൈവത്തെ പ്രാപിക്കുമ്പോൾ മാത്രം അർത്ഥവത്തായി തീരുന്നത് എന്ത്?
2. ദൈവാലയത്തിലെ അതിവിശിഷ്ടമായ സ്ഥലം
3. വി. കുർബാനയിൽ സൂചിപ്പിക്കുന്ന യാഥാർത്ഥ്യത്തോടു പ്രകൃതിദത്തമായ ബന്ധമുള്ള അടയാളങ്ങളെ വിളിക്കുന്നതെന്ത്?
4. സീറോ-മലബാർ സഭയിൽ ഏറ്റവും ആഘോഷമായ വി. കുർബാനയുടെ രൂപം ഏത്?
5. പുരോഹിതൻ ധരിക്കുന്ന നീതിയുടെ വസ്ത്രം
6. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർ ഉത്ഥിതനായ ഈശോയെ തിരിച്ചറിഞ്ഞത് ഏതു സന്ദർഭത്തിലാണ്?
7. വി. കുർബാനയുടെ കേന്ദ്രഭാഗം
8. കാൽവരിയിൽ പൂർത്തിയാകാനിരുന്ന ബലിയുടെ ........ രൂപമായിരുന്നു അന്ത്യത്താഴത്തിൽ നിറവേറിയത്.
9. വിശുദ്ധ കുർബാനയുടെ പാപമോചക സ്വഭാവം വ്യക്തമാക്കുന്ന കർമ്മം
10. വി. അഗസ്തീനോസിനെ മാനസാന്തരപ്പെടുത്തിയ വചനഭാഗം എഴുതുക.

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5

11. വി. കുർബാനയിൽ ആഘോഷിക്കുകയും അനുസ്മരിക്കുകയും ചെയ്യുന്ന ദിവ്യരഹസ്യങ്ങൾ?
12. യോഹന്നാൻ 3:16 ഉദ്ധരിക്കുക.
13. ജീവിതത്തിൽ തുടരുന്ന വി. കുർബാന എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?
14. കൂദാശ എന്നാൽ എന്ത്?

15. ഈശോ നൽകിയ കല്പന അനുസരിച്ചാണ് വി. കുർബാന അർപ്പിക്കുന്നത്. ആ കല്പന ഏത്?

**C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക** **2X3=6**

(പാഠഭാഗങ്ങൾ നിങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉത്തരങ്ങൾ എഴുതിയാലും മതിയാകും.)

16. വി. കുർബാനയിലെ ഫലങ്ങൾ?

17. വി. കുർബാനയിൽ അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും പ്രാധാന്യം എന്ത്?

18. ലിറ്റർജി എന്നാൽ എന്ത്?

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

19. മൂലപാപങ്ങൾക്ക് എതിരായ പുണ്യങ്ങൾ എഴുതുക.

20. വി. കുർബാനയിൽ അൾത്താര പ്രതിനിധീകരിക്കുന്ന രണ്ട് വശങ്ങൾ?

21. തിരുവചനം എഴുതുക. ലൂക്കാ 6:27 "ശത്രുക്കളെ........"

22. 2023–2024 വിശ്വാസപരിശീലനവർഷത്തിന്റെ 'നന്മയിൽ വളരാം' എന്ന ലോഗോയിൽ കാണുന്ന 'കാസ' എന്തിനെ സൂചിപ്പിക്കുന്നുവെന്ന് വിശദമാക്കുക?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

(ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ഉൾപ്പെടുത്തി ചോദ്യങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉപന്യാസം തയ്യാറാക്കുക.)

23. നമ്മുടെ ജീവിതത്തിൽ ദൈവവചനത്തിനുള്ള പ്രാധാന്യത്തെക്കുറിച്ച് നിങ്ങളുടെ ബോധ്യങ്ങളുടെയും ജീവിതാനുഭവങ്ങളുടെയും വെളിച്ചത്തിൽ എട്ടാം പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

24. 'അപരനുവേണ്ടി അപ്പമാകാൻ വിശുദ്ധ കുർബാന ഒരു വിശ്വാസിയെ നിരന്തരം ഓർമ്മപ്പെടുത്തുന്നു.' നിങ്ങളുടെ ജീവിതത്തിൽ വിശുദ്ധ കുർബാന സ്വാധീനം ചെലുത്തുന്നുണ്ടോ? വി. കുർബാന ജീവിക്കാനുള്ള സാധ്യതകൾ ഏതൊക്കെ എന്ന് നിങ്ങളുടെ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ വിവരിക്കുക.

| | |
|---|---|
| 25. ഇന്റേണൽ അസസ്സ്മെന്റ്:<br>മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ. | 15 |

# എറണാകുളം–അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**19/02/2023** **മാർക്ക് – 50**

**10.30 A.M. - 12.30 P.M.** **STD - IX** **സമയം – 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം പദപ്പെട്ടിയിൽനിന്നും എടുത്തെഴുതുക** **1X5=5**

1. ആരാധനാവത്സരത്തിന്റെ കേന്ദ്രം
2. ഈശോ തന്റെ പാപമോചനാധികാരം ആരെയാണ് ഭരമേൽപ്പിച്ചിരിക്കുന്നത്?
3. ദൈവം യോജിപ്പിച്ചതിനെ വേർപെടുത്തുവാൻ മനുഷ്യന് അവകാശമില്ല (മത്താ 19:6). വിവാഹമെന്ന കൂദാശയുടെ ഏത് സ്വഭാവത്തെയാണ് ഈ ബൈബിൾ ഭാഗം സൂചിപ്പിക്കുന്നത്?
4. കാലം ചെയ്ത ബെനഡിക്ട് പതിനാറാമൻ മാർപാപ്പ വി. കുർബാനയെക്കുറിച്ച് എഴുതിയിട്ടുള്ള അപ്പസ്തോലിക പ്രബോധനം ഏത്?
5. ഒരു വ്യക്തിയുടെ ജനനം മുതൽ മരണംവരെ കൃപാവരത്തിന്റെ ശക്തിയാൽ അവനെ/അവളെ പരിപോഷിപ്പിക്കുന്നത് എന്ത്?

**പദപ്പെട്ടി**

| | |
|---|---|
| തിരുസഭയെ | സ്നേഹം |
| പന്തക്കുസ്താതിരുനാൾ | സ്നേഹത്തിന്റെ കൂദാശ |
| കൂദാശകൾ | രക്ഷാകരചരിത്രം |
| ശ്ലീഹന്മാരെ | അവിഭാജ്യത |
| ഉയിർപ്പുതിരുനാൾ | ദൈവം സ്നേഹമാണ് |

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** **1X5=5**

6. സൗഖ്യദായക കൂദാശകൾ ഏതെല്ലാം?
7. “------ വിശപ്പും ദാഹവും സഹിക്കുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർക്ക് ------ ലഭിക്കും”.
8. പള്ളിക്കൂദാശാക്കാലം എന്തിനെ അനുസ്മരിക്കുന്നു?
9. സന്യാസത്തിന്റെ പ്രധാനലക്ഷ്യം എന്താണ്?
10. ദൈവവചനം എഴുതുക. “ആരെങ്കിലും എന്നെ........” (മർക്കോസ് 8:34).

## C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക 3X5=15

(പാഠഭാഗങ്ങൾ നിങ്ങൾ മനസ്സിലാക്കിയ വിധത്തിൽ ഉത്തരങ്ങൾ എഴുതിയാലും മതിയാകും.)

11. വിവാഹം എന്ന കൂദാശയുടെ പരമപ്രധാനമായ കർമ്മം ഏതാണ്?
12. ക്രൈസ്തവജീവിതത്തിൽ കൂദാശകൾക്കുള്ള സ്ഥാനമെന്ത്?
13. നമ്മുടെ ജീവിതം ഫലമണിയുവാനും, നമ്മുടെ ദൈവവിളി പരിപോഷിപ്പിക്കുവാനും എന്തൊക്കെ ചെയ്യണം?
14. പാപംവഴി ഏതെല്ലാം തലത്തിലുള്ള ബന്ധങ്ങളാണ് തകരുന്നത്? എപ്രകാരമാണ് ഈ ബന്ധങ്ങൾ പുനഃസ്ഥാപിക്കപ്പെടുന്നത്?
15. 'കർത്താവേ, ആശീർവ്വദിക്കണമേ. എന്റെ സഹോദരരേ, ഈ കുർബാന എന്റെ കരങ്ങൾവഴി പൂർത്തിയാകുവാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ'. വി. കുർബാനയിൽ പുരോഹിതന്റെ പ്രാർത്ഥനാസഹായാഭ്യർത്ഥനയ്ക്ക് സമൂഹം മറുപടിയായി പറയുന്നത് എന്ത്?

## D. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

16. സഭയിൽ സജീവ അംഗമായി മിശിഹായോടൊത്ത് ജീവിക്കാൻ ആവശ്യമായ കൃപാവരം തൈലാഭിഷേക കൂദാശയിലൂടെ ലഭിക്കുന്നുണ്ടല്ലൊ (പാഠം10). ഈ കൂദാശയിലൂടെ പരിശുദ്ധാത്മാവുകൊണ്ട് നിറഞ്ഞ ക്രൈസ്തവർ സഭയിലും സമൂഹത്തിലും എപ്രകാരമാണ് പെരുമാറേണ്ടത്? പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ഫലങ്ങളും അടിസ്ഥാനമാക്കി ക്രിസ്തീയ ജീവിതശൈലിയെക്കുറിച്ച് ഒരു ലേഖനം എഴുതുക.
17. 'ക്രിസ്തു ഇന്നും ജീവിക്കുന്നു' എന്നാണല്ലൊ നാം വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്. വി. കുർബാനയിൽ ക്രിസ്തു ഇന്നും ജീവിക്കുന്നു എന്നതിന് എന്തൊക്കെ തെളിവുകളാണ് മറ്റുള്ളവരുടെ മുന്നിൽ നിങ്ങൾക്ക് ചൂണ്ടിക്കാണിക്കുവാൻ സാധിക്കുന്നത്? നിങ്ങൾക്ക് ലഭിച്ചിട്ടുള്ള ബോധ്യങ്ങളുടെയും അനുഭവങ്ങളുടെയും വെളിച്ചത്തിൽ ഒരു ലേഖനം തയ്യാറാക്കുക.

18. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.